"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - 2024 ജൂലൈ മാസം വയനാട് ജില്ലയിലെ മുണ്ടക്കൈ പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ പുനരധിവാസത്തിനായുള്ള ധനസഹായം - സ്വകാര്യ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെട്ടുവിപ്പിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.367/2024/WCDD തീയതി,തിരുവനന്തപുരം, 13-09-2024

---

പരാമർശം:- വനിത ശിശു വികസന ഡയറക്ടറുടെ 29.08.2024 ലെ ഡിഡബ്ല്യൂസിഡി/5067/2024-ഐസിപിഎസ് 1 നമ്പർ കത്ത്.

**ഉത്തരവ്**

2024 ജൂലൈ മാസം വയനാട് ജില്ലയിലെ മുണ്ടക്കൈ പ്രദേശത്ത് സംഭവിച്ച ഉരുൾപൊട്ടലിനെ തുടർന്ന് നിരവധി കുട്ടികൾ അനാഥരായ സാഹചര്യമുണ്ടായിട്ടുണ്ട്. പ്രകൃതി ദുരന്തത്തിന് ഇരയാകുന്നതോ, മാതാപിതാക്കൾ നഷ്ടപ്പെടുന്നതോ ആയ കുട്ടികൾ ബാലനീതി നിയമ പ്രകാരം "ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾ" എന്ന വിഭാഗത്തിൽ വരികയും അവരുടെ പുനരധിവാസം സർക്കാരിന്റെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുകയും ചെയ്യുന്നു എന്നതിനാൽ ഈ കുട്ടികൾക്ക് അടിയന്തിര പുനരധിവാസ സാധ്യതകൾ പരിശോധിക്കേണ്ടതും, ആയത് പ്രാവർത്തികമാക്കേണ്ടതുമുണ്ട്.

2) 2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 45 ൽ മാതാപിതാക്കൾ നഷ്ടപ്പെട്ട് ബന്ധുക്കളുടെ കൂടെ കഴിയുന്നതും, കുട്ടികളെ പരിചരിക്കാൻ കഴിയാത്ത മാതാപിതാക്കൾ ഉള്ളതുമായ വിഭാഗങ്ങൾ ഉൾപ്പെടെ വിവിധ തരത്തിൽ അവശതയനുഭവിക്കുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാർ വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പ് പദ്ധതികൾ രൂപീരിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസത്തിനായി പൊതു-സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവയിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന് ബാലനീതി മാതൃകാ ചട്ടം 24 പ്രകാരവും വ്യവസ്ഥ ചെയ്യുന്നുണ്ട്. ബാലനീതി മാതൃകാ ചട്ടം 24 ൽ ജില്ലാ മജിസ്ട്രേറ്റ്, ബന്ധപ്പെട്ട കർത്തവ്യവാഹകരുമായി കൂടിയാലോചിച്ച് ജില്ലയ്ക്കായി ഒരു സ്പോൺസർഷിപ്പ് പ്ലാൻ തയ്യാറാക്കണമെന്നും, സ്പോൺസർഷിപ്പിന് തയ്യാറായിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ എന്നിവരുടെ പാനൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ

തയ്യാറാക്കണമെന്നും ആയതിന് ചൈൽഡ് വെൽഫയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ്/ചിൽഡ്രൻസ് കോടതിയുടെ ഉചിതമായ ഓർഡർ നൽകി കുട്ടികൾക്ക് സ്പോൺസർഷിപ്പ് നൽകണമെന്നും വ്യവസ്ഥയുണ്ട്.

3) വയനാട് ദുരന്തത്തിൽ മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളെ സഹായിക്കുന്നതിനായി താല്പര്യമറിയിച്ചുകൊണ്ട് വ്യക്തികളും, സ്വകാര്യ സ്ഥാപനങ്ങളും മുന്നോട്ടു വരുന്ന സാഹചര്യത്തിൽ വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പുനരധിവാസത്തിനായി അടിയന്തിര ധനസഹായം ഉറപ്പാക്കുന്നതിനായി ബാലനീതി മാതൃകാ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ മജിസ്ട്രേറ്റിന്റെ മേൽനോട്ടത്തിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ച് അർഹരായ കുട്ടികൾക്ക് അനുവദിയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം പ്രകാരം വനിത ശിശു വികസന ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

4) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പുനരധിവാസത്തിനായി അടിയന്തിര ധനസഹായം ഉറപ്പാക്കുന്നതിനായി ബാലനീതി മാതൃകാ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ജില്ലാ മജിസ്ട്രേറ്റിന്റെ മേൽനോട്ടത്തിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, കമ്പനികൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നും സ്പോൺസർഷിപ്പ് സ്വീകരിച്ച് അർഹരായ കുട്ടികൾക്ക് അനുവദിയ്ക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) കുട്ടികൾക്ക് പുനരധിവാസത്തിനായി അടിയന്തിര ധനസഹായമായി സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സ്പോൺസർഷിപ്പുകൾ ചുവടെ ചേർക്കും പ്രകാരം വിതരണം ചെയ്യാവുന്നതാണ്.

i. ഒറ്റത്തവണ ധനസഹായം കുട്ടിയ്ക്ക് 18 വയസ്സിന് ശേഷം പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതും അതത് മാസങ്ങളിൽ ടി തുകയുടെ പലിശ കുട്ടിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകാവുന്നതുമാണ്.
ii. പ്രതിമാസ സ്പോൺസർഷിപ്പ് കുട്ടിയുടെയും, കുട്ടിയെ പരിചരിക്കാൻ ചൈൽഡ് വെൽഫയർ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ അതാത് മാസം നിക്ഷേപിക്കാവുന്നതാണ്.
iii. കുട്ടിയുടെ പഠനത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി വരുന്ന തുക നൽകാൻ തയ്യാറായി വരുന്ന സ്പോൺസർമാർക്ക്, സ്പോൺസർഷിപ്പ് & ഫോസ്റ്റർ കെയർ കമ്മിറ്റിയുടെ അനുമതിയ്ക്ക് വിധേയമായി പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകാവുന്നതുമാണ് .

6) ഇത്തരത്തിൽ സ്വകാര്യ വക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സ്പോൺസർഷിപ്പിന്റെ പൂർണ്ണമായ മേൽനോട്ടം ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ചിട്ടുള്ള സ്പോൺസർഷിപ്പ് & ഫോസ്റ്റർ കെയർ കമ്മിറ്റിയ്ക്കായിരിക്കും.

ഇതു സംബന്ധിച്ച ഗൈഡ് ലൈനിന്റെ കരട് 2 ആഴ്ചക്കകം വനിത ശിശു വികസന

വകുപ്പ് ഡയറക്ടർ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

പകർപ്പ്

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ, എ&ഇ), കേരളം
3) ധനകാര്യ വകുപ്പ്
4) വെബ് & ന്യൂ മീഡിയ
5) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 13-09-2024 15:20:42

സെക്ഷൻ ഓഫീസർ